

THURSDAY 16.11.2023 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**


Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)16/11/2023

1. ഇന്ത്യ അന്താരാഷ്ട്ര വ്യാപാരമേളയുടെ ഉദ്ഘാടനം കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പ് മന്ത്രി അനുപ്രിയ പട്ടേൽ നിർവഹിച്ചു. ഇന്ത്യ അന്താരാഷ്ട്ര വ്യാപാര മേള പുതിയ വ്യാപാര സംരംഭങ്ങൾക്ക് വഴിയൊരുക്കുമെന്ന് സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. വി. വേണു. അന്താരാഷ്ട്ര വ്യാപാര മേളയിലെ കേരള പവലിയന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന വിവിധ ഉല്പന്നങ്ങൾ വ്യാപാര മേളയിൽ ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇക്കുറി പാർട്ണർ സംസ്ഥാനമായാണ് കേരളം പങ്കെടുക്കുന്നത്. 'വസുധൈവകുടുംബകം യുണൈറ്റഡ് ബൈ ട്രേഡ് ' എന്ന തീമിൽ ആണ് കേരളം പവിലിയൻ ഒരുക്കിയിട്ടുള്ളത്. മുസിരിസ് മുതൽ വിഴിഞ്ഞം തുറമുഖം വരെയുള്ള വ്യാപാര സൂചകങ്ങളും ഒപ്പം പ്രാചീന കാലം മുതൽ കേരളവുമായുള്ള ലോക രാജ്യങ്ങളുടെ വ്യാപാരബന്ധവും സ്പൈസ് റൂട്ടുമാണ് പവിലിയനിൽ ദൃശ്യമാകുന്നത്.

2. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ അംഗീകൃത ഗവേഷണ കേന്ദ്രമായി തിരുവനന്തപുരത്തുള്ള കേന്ദ്ര കിഴങ്ങ് വിള ഗവേഷണ സ്ഥാപനത്തെ CTCRI അംഗീകരിച്ചു. യൂണിവേഴ്സിറ്റിയുടെ ബോർഡ് ഓഫ് ഗവർണേഴ്സ് മീറ്റിംഗിലാണ് സി ടി സി ആർ ഐക്ക് അംഗീകാരം നൽകിയത്. സ്ഥാപനത്തിലെ 6 ശാസ്ത്രജ്ഞരെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ പി എച്ച് ഡി ഗവേഷണ ഗൈഡുമാരായും യൂണിവേഴ്സിറ്റി അംഗീകരിച്ചു. കമ്പ്യൂട്ടർ മോഡലിംഗ് , ബയോ ഇൻഫർമാറ്റിക്സ്, ജീനോമിക്സ് സ്റ്റഡീസ്, ക്ലൈമറ്റ് മോഡലിംഗ് തുടങ്ങി കൃഷി ഗവേഷണത്തിൽ ഉപയോഗിക്കുന്ന വിവിധ ഡിജിറ്റൽ സാങ്കേതികവിദ്യകളിൽ യൂണിവേഴ്സിറ്റിയിലെ പിഎച്ച്ഡി വിദ്യാർഥികൾക്ക് സി ടി സി ആർ ഐ യിൽ ഗവേഷണം നടത്തുന്നതിനും സൗകര്യമൊരുക്കും.

3. കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച് വിതരണം ചെയ്യുക എന്ന ലക്ഷ്യത്തിലൂന്നി കേരള കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ അഥവാ ഹോർട്ടികോർപ്പ്. ഹോർട്ടികോർപ്പ് എന്ന ചുരുക്കപേരിൽ അറിയപ്പെടുന്ന സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നു പ്രഥമദൃഷ്ട്യാ തോന്നുന്ന തരത്തിൽ 'HORTICOPS എന്ന പേരിൽ ഒരു പരസ്യം നോട്ടിസുകൾ മുഖേനയും മറ്റ് ദൃശ്യമാദ്ധ്യമങ്ങൾ വഴിയും പ്രചരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വാർത്തയുമായി 'HORTICORP' എന്ന പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷന് യാതൊരു ബന്ധമില്ലായെന്നും പൊതുജനങ്ങൾ അത്തരത്തിൽ തെറ്റിദ്ധരിച്ച് വഞ്ചിതരാകരുതെന്നും അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0471-2359651.

4. തൃശൂർ കൃഷിവിജ്ഞാന കേന്ദ്രത്തിൽ വില്പനയ്ക്കുള്ള ബിവി 380 ഇനം കോഴികുഞ്ഞുങ്ങൾക്ക് 160 രൂപ നിരക്കിൽ ബുക്കിംഗ് ആരംഭിച്ചു. രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണിവരെ 9400483754 എന്ന ഫോൺ നമ്പറിൽ ബുക്ക് ചെയേണ്ടതാണ്.

പരിശീലന പരിപാടി

5. ക്ഷീരവികസന വകുപ്പിന്റെ തിരുവനന്തപുരം പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നവംബർ മാസം 22 മുതൽ 27 വരെയുള്ള 5 പ്രവർത്തി ദിവസങ്ങളിൽ **ശാസ്ത്രീയമായ പശു പരിപാലനം** എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ നവംബർ 21-ാം തീയതിക്ക് മുൻപായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150 രൂപ ദിനബത്തയും ആകെ 100 രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനാർഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ ഒറിജിനലും ആയതിന്റെ ഓരോ പകർപ്പും കൊണ്ടുവരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2440911 എന്ന ഫോൺ നമ്പറിലോ, ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ, തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

6. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം "സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം" എന്ന വിഷയത്തിൽ തയ്യാറാക്കിയ മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2023

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നവംബർ 25 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് കോഴ്സ് കൈകാര്യം ചെയ്യുന്നത്. താൽപ്പര്യമുള്ളവർ 2023 നവംബർ 24 നകം കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇരുപത് ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ കമ്പ്യൂട്ടർ അല്ലെങ്കിൽ മൊബൈൽ (സ്മാർട്ട് ഫോൺ) ഫോണിന്റെ സഹായത്തോടെ കോഴ്സ് പഠിക്കാവുന്നതാണ്. നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്തവർക്ക് നവംബർ 25 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

7. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ ഈമാസം 18ന് രാവിലെ 10 മുതൽ 5 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ് പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491 2815454, 9188522713 എന്നീ ഫോൺ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം